**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 534** **23-02-2022 - ൽ മറുപടിയ്ക്ക്**

**സ്ത്രീപീഡന, പോക്സോ കേസുകളുടെ എണ്ണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ കോടതികളിലായി തീർപ്പാകാതെ കെട്ടികിടക്കുന്ന സ്ത്രീപീഡന കേസുകളുടെയും പോക്സോ കേസുകളുടെയും എണ്ണം എത്ര വീതം ആണെന്ന് അറിയിക്കുമോ; | (എ) | 31.01.2022 ലെ സ്ഥിതി വിവര കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 10927 പോക്സോ കേസുകളും 3761 റേപ്പ് കേസുകളും തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. |
| (ബി) | ഏതു വർഷം മുതലുള്ള കേസുകളാണ് ഇപ്രകാരം കെട്ടിക്കിടക്കുന്നത്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) | 31.12.2021 വരെയുള്ള പോക്സോ കേസുകളുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി നൽകിയിരിക്കുന്നു. റേപ്പ് കേസുകളുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ ശേഖരിച്ചു വരുന്നു. |
| (സി) | പ്രസ്തുത കേസുകൾ തീർപ്പാക്കാനാകാതെ കെട്ടിക്കിടക്കുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നാണ് വിലയിരുത്തുന്നത്; | (സി) | കോടതികളിൽ കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നത് ഉറപ്പാക്കുന്നതിലേക്കായി കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ 28 അതിവേഗ കോടതികളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ, 28 അതിവേഗ കോടതികൾ കൂടി സ്ഥാപിക്കുന്നതിന് ഈ സർക്കാർ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. റേപ്പ് കേസുകളുടെയും പോക്സോ കേസുകളുടെയും വിചാരണയ്ക്കുള്ള അതിവേഗ കോടതികളുടെ പ്രവർത്തനം മാസാടിസ്ഥാനത്തിൽ അതാത് ജില്ലകളുടെ ഭരണച്ചുമതലയുള്ള ജഡ്ജിമാർ വിലയിരുത്തി നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. മതിയായ സയന്റിഫിക് ഓഫീസർമാരുടെ അഭാവം ഫോറൻസിക് റിപ്പോർട്ട് യഥാസമയം ലഭിക്കുന്നതിന് തടസ്സം നേരിടുന്നു എന്ന് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ആവശ്യമായ ഉദ്യോഗസ്ഥരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും കരാറടിസ്ഥാനത്തിലും താൽക്കാലികമായി നിയോഗിച്ചുകൊണ്ട് നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ജില്ലാ ക്രൈം ബ്രാഞ്ചിൽ നിന്നും അവശ്യം വേണ്ട ജീവനക്കാരെ ഫോറൻസിക് സയൻസ് ലബോറട്ടറിയിലേയ്ക്ക് മാറ്റി നിയമിക്കുകയും ചെയ്തിട്ടുണ്ട്. സയന്റിഫിക് ഓഫീസർമാരുടെ നിയമനനടപടികൾ |

| | | | |
|---|---|---|---|
| | | | ത്വരിതപ്പെടുത്താൻ കേരള പബ്ലിക് സർവ്വീസ് കമ്മിഷനോട് ബഹു: ഹൈക്കോടതി അഭ്യർത്ഥിച്ചിട്ടുണ്ട്. പോക്സോ കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകൾ എത്രയും വേഗം തീർപ്പാക്കുന്നതിനായാണ് പ്രത്യേക പോക്സോ കോടതികൾ ആരംഭിച്ചതും കൂടുതൽ കോടതികൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ളതും. ഈ കോടതികൾ കൂടി പ്രവർത്തിച്ചു തുടങ്ങുമ്പോൾ അധികം വൈകാതെ തന്നെ കേസുകൾ കെട്ടിക്കിടക്കുന്ന രീതി ഒഴിവാക്കാനാകും എന്നാണ് കരുതുന്നത്. കേസുകളുടെ തീർപ്പാക്കൽ ത്വരിതപ്പെടുത്തുന്നതിലേയ്ക്കായി ഓരോ പ്രത്യേക കോടതിയുടേയും പ്രവർത്തന പുരോഗതി ഹൈക്കോടതി തല സമിതി നിരീക്ഷിക്കുകയും കൃത്യമായ ഇടവേളകളിൽ അവലോകനം ചെയ്ത് നിർദ്ദേശങ്ങൾ നൽകിവരികയും ചെയ്യുന്നുണ്ട്. ഇതിനുപുറമേ, ബഹു. ഹൈക്കോടതിയുമായി കൂടിയാലോചിച്ച് കൂടുതൽ നടപടികളും സ്വീകരിക്കും. |
| (ഡി) | കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ? | (ഡി) | സി യിൽ ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| വർഷം | കേസുകളുടെ എണ്ണം |
|---|---|
| 2011 | 2 |
| 2012 | 5 |
| 2013 | 28 |
| 2014 | 84 |
| 2015 | 171 |
| 2016 | 350 |
| 2017 | 662 |
| 2018 | 1065 |
| 2019 | 1759 |
| 2020 | 2736 |
| 2021 | 3332 |
| ആകെ | **10194** |